# ക്രുത്താംപാള പള്ളിച്ചി



തൃശ്ശൂർ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച 'ക്രുത്താംപാള പള്ളിച്ചി' എന്ന ദളിത് ഡോക്യുമെന്ററിയുടെ ഉദ്ഘാടന പ്രദർശനം മാർച്ച് 15ന് തൃശ്ശൂരിലെ ശ്രീ തിയ്യറ്ററിൽ നടന്നു.

കേരളത്തിൽ ആദ്യമായാണ് ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം സിനിമ നിർമ്മിക്കുന്നത്.

ഇതുവരെ മാധ്യമങ്ങളിലോ പഠനങ്ങളിലോ വേണ്ടത്ര അവതരിപ്പിക്കപ്പെട്ടിട്ടില്ലാത്ത ആദിമ സംസ്കൃതിയുടെ നാട്ടറിവുകളെയും നാട്ടു സംഗീത പാരമ്പര്യത്തെയും ദൃശ്യകലകളെയും ഡോക്യുമെന്ററിയുടെ പതിവ് ശൈലിയിൽ നിന്ന് മാറി, ഒരു പ്രതിഡോക്യുമെന്ററിയായി, അവതരിപ്പിക്കുകയാണ് സംവിധായകൻ ചെറിയാൻ ജോസഫ്.

ഭരണി വേലവരവ്, മരംകൊട്ട്, മുക്കാൻ ചാത്തൻ, കളൽ വായന, ചാക്കാട്, മലയാട്ടം, പന്തൽവരവ്, വയൽക്കളം, മാവിളക്ക് വരവ് തുടങ്ങിയ പ്രാചീന കലകളെ ദൃശ്യാനുഭവമാക്കുന്ന ഈ ചിത്രത്തിന് തിരക്കഥയൊരുക്കിയത് ഡോ: സി.ആർ. രാജഗോപാലനാണ്.

പാക്കനാർ വംശത്തിന്റെ മാലോകരറിയാ താളങ്ങളെ വെളിപ്പെടുത്തുന്ന ക്രുത്താംപാള പള്ളിച്ചിക്ക് സംഗീതമൊരുക്കിയിരിക്കുന്നത് സി.ഡി. ശിവദാസനാണ്.

## ഫ്രീ പ്രസ്സ് ഓഫ് കേരള

'ഫ്രീ പ്രസ്സ് ഓഫ് കേരള' എന്ന പേരിൽ ഒരു പുതിയ പത്രപ്രവർത്തക യൂണിയൻ കേരളത്തിൽ രൂപീകൃതമായിരിക്കുന്നു.

കേരളത്തിൽ നിലവിലുള്ള ഏക പത്രപ്രവർത്തക സംഘടനയായ കേരള പത്രപ്രവർത്തക യൂണിയൻ അതിന്റെ ദൈനംദിന പ്രവർത്തനങ്ങളിലും ദൗത്യങ്ങളിലും ദയനീയമായി പരാജയപ്പെട്ടുകഴിഞ്ഞ അവസ്ഥയിൽ, പത്രപ്രവർത്തനരംഗത്ത് കീഴാള മേലാള വേർതിരിവില്ലാതെ എല്ലാ ജീവനക്കാരെയും ചേർത്ത് വിശാലമായൊരു ജനാധിപത്യ പ്രസ്ഥാനം കെട്ടിപ്പടുക്കാനാണ് പുതിയ പ്രസ്ഥാനത്തിന് രൂപം നൽകുന്നതെന്ന് സംഘാടകസമിതി പറയുന്നു.